മാന്യരെ,

വയനാട് ജില്ലാ പഞ്ചായത്തിന്റെ 2023–24 വർഷത്തെ ബജറ്റ് പൊതുജന സമക്ഷം സമർപ്പിക്കുകയാണ്. പിന്നിട്ട വർഷത്തെ ഭരണ സമിതിയുടെ രണ്ടാം ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന പൂർണ്ണമായ വിശ്വാസത്തോടെയാണ് മൂന്നാമത്തെ ബജറ്റ് അവതരിപ്പിക്കുന്നത്. വയനാട് ജില്ല ഇന്ന് നേരിടുന്ന രൂക്ഷമായ വന്യമൃഗശല്യം എന്ന വിഷയം കണക്കിലെടുത്തുകൊണ്ടും ജില്ലയിൽ അന്യം നിന്നുപോകുന്ന തനത് കാർഷിക മേഖലകളായ നെൽകൃഷിയുടെയും ക്ഷീരോത്പാദന മേഖലയുടെയും സമൃദ്ധി വീണ്ടെടുക്കുന്നതിനും അതോടൊപ്പം ആരോഗ്യ–വിദ്യാഭ്യാസ മേഖലയ്ക്കുമെല്ലാം ഊന്നൽ കൊടുത്തുകൊണ്ടും, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ ട്രാൻസ് ജൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും മുൻഗണന നൽകികൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

നിലവിൽ ലഭ്യമായ ഫണ്ടുകൾ പരമാവധി സമാഹരിച്ചും സർക്കാർ നിർദ്ദേശങ്ങൾ കണക്കിലെടുത്തും ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയ ബജറ്റ് വയനാട് ജില്ലയുടെ വികസനത്തിന്റെ നാഴികകല്ലാകുമെന്ന് പ്രത്യാശിക്കുന്നു.

ജില്ലയുടെ ഉന്നമനത്തിന് കൂടെ നിന്ന് പ്രവർത്തിച്ചവരെ സ്മരിച്ചുകൊണ്ട് തുടർന്നും എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് 2023–24 വർഷത്തെ ബജറ്റ് പൊതുജന സമക്ഷം സമർപ്പിക്കുന്നു.

(ഒപ്പ്)
ബിന്ദു എസ്
വൈസ് പ്രസിഡന്റ്
വയനാട് ജില്ലാ പഞ്ചായത്ത്

## പ്രധാനപ്പെട്ട ബജറ്റ് നിർദ്ദേശങ്ങൾ

മഹാമാരികളും പ്രകൃതിദുരന്തങ്ങളും വിതച്ച പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ആഗോളജനത പരിശ്രമിക്കുമ്പോൾ ഏതൊരു ചെറിയ വികസനചുവടുവെയ്പ്പുകളും ഒരു ജനതയുടെ പ്രതീക്ഷയുടെയും അതിജീവനത്തിന്റെയും പ്രകാശഗോപുരങ്ങളാവുമെന്ന കാര്യത്തിൽ സംശയമില്ല. ഏറെ പിന്നോക്കം നിൽക്കുന്ന നമ്മുടെ ജില്ലയിലെ പ്രധാനപ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന സുപ്രധാനലക്ഷ്യമാണ് 2023-24 ലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക ബജറ്റ് മുൻപോട്ട് വെക്കുന്നത്.

സമീപകാലത്ത് ജില്ലയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നതും, ജനങ്ങളിൽ ഏറെ ആശങ്ക വളർത്തിയതുമായ പ്രശ്നം അതിരൂക്ഷമായ വന്യമൃഗ ആക്രമണമാണ്. ഈ ഭൂമി എല്ലാവരുടേതുമാണ്. എല്ലാ ജന്തുജീവജാലങ്ങൾക്കും ഇവിടെ നിലനിൽക്കാനാവണം. എന്നാൽ ഇന്ന് ജില്ലയിൽ മനുഷ്യന്റെ നിലനിൽപിന് തന്നെ അപകടകരമാംവിധം വന്യമൃഗ ആക്രമണം വർധിക്കുകയാണ്. മനുഷ്യജീവനും, അവരുടെ വളർത്തുമൃഗങ്ങളും, കൃഷിയുമെല്ലാം നഷ്ടപെടുന്ന സ്ഥിതി സംജാതമായിരിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്ക് ഈ പ്രശ്നം ലഘൂകരിക്കാൻ ഒട്ടനവധി കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്.. ജില്ലയിലെ ഈ പ്രശ്നത്തെ കണ്ടില്ലെന്ന് നടിക്കാൻ ജില്ലാപഞ്ചായത്തിന് കഴിയില്ല. ജില്ലയിലെ കർഷക സംഘടനകളും, പൊതു സമൂഹവും ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഇടപെടണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

വന്യജീവി. മനുഷ്യ സംഘർഷം കുറക്കുന്നതിന് സുരക്ഷ പദ്ധതി നടപ്പാക്കും.. ത്രിതലതദ്ദേശസ്ഥാപനങ്ങൾ, ലോക് സഭ, രാജ്യസഭ, നിയമസഭ അംഗങ്ങൾ,കേന്ദ്ര, സംസ്ഥാന സർക്കാറുകൾ, സി എസ് ആർ ഫണ്ടുകൾ, വിവിധ സ്ഥാപനങ്ങളുടെ സഹായങ്ങൾ എന്നിവ സംയോജിപ്പിച്ച് പൊതുനിധി രൂപീകരിക്കും. ഇതിലേക്കായി ഈ വർഷം ജില്ലാ പഞ്ചായത്ത് **1 കോടി** രൂപ വകയിരുത്തുന്നു.

ഒരു വികസനനയം അർത്ഥപൂർണമാവുന്നത് ഭാവി മുൻപിൽ കണ്ടുകൊണ്ടുള്ള നിക്ഷേപം നടത്തുമ്പോഴാണ്. ജില്ലയുടെ ഭാവിക്കു വേണ്ടിയുള്ള പ്രധാനനിക്ഷേപമായി വിദ്യാഭ്യാസ മേഖലയിലെ ഇടപെടലിനെ ഞങ്ങൾ കാണുന്നു. എൽ പി, യു പി സ്കൂൾ വിദ്യാർത്ഥികളിൽ എഴുത്തും വായനയും അറിയാത്തവരുടെ എണ്ണം വർദ്ധിക്കുന്നു എന്നതും, പൊതുവിദ്യാഭ്യാസപരീക്ഷയുടെ വിജയശതമാനത്തിൽ നാം ഏറ്റവും പുറകിലാണെന്നതും ഗൗരവപൂർണമായ ഇടപെടൽ ആവശ്യമാണെന്നതും ഈ ബജറ്റ് അടിവരയിടുന്നു. അടിസ്ഥാനസൗകര്യവികസനവും, വിദ്യാഭ്യാസനിലവാരം ഉയർത്തലും ലക്ഷ്യമിട്ട് ''സമഗ്ര'' എന്നപേരിൽ വിദ്യാഭ്യാസപദ്ധതി നടപ്പാക്കും.
**15 കോടി** രൂപ ഇതിനായി വകയിരുത്തുന്നു.

_ കോച്ചിംഗ് ക്യാമ്പുകൾ, പ്രഭാത ഭക്ഷണം, ഗോത്രസാരഥി, പ്രത്യേക പരിശീലനങ്ങൾ, ഗണിത ശാസ്ത്ര സാമൂഹ്യ ക്ലബ്ബുകൾ, വായനക്കൂട്ടം, പഠന സാമഗ്രികൾ നൽകൽ, ഗോത്രഫെസ്റ്റ്, ഉന്നത പഠന മേഖലയിലേക്ക് വെളിച്ചം വീശുന്ന കരിയർ കാരവൻ,കരിയർ പാത്ത്, സ്കൂൾ ലൈബ്രറികളുടെ നവീകരണം, സ്കൂളുകളിൽ ശുദ്ധീകരിച്ച കുടിവെള്ളം നല്കുന്നതിന് "തെളിനീർ" പദ്ധതി, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഇലക്ട്രിക്കൽ വീൽചെയർ നല്കുന്നതിന് ശുഭയാത്ര പദ്ധതി, വിദ്യാർത്ഥികളുടെ ഗവേഷണ പാടവം വർദ്ധിപ്പിക്കുന്നതിന് സ്കൂൾ ലാബുകളുടെ നവീകരണം, ആർത്തവ കാലത്ത് വിദ്യാർത്ഥിനികൾക്ക് വിശ്രമിക്കുന്നതിനും, റിഫ്രഷ്മെന്റിനും റസ്റ്റ് റൂം - "ഷീ അരീന", ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് മെൻസ്റ്ററൽ കപ്പ് നൽകൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ "സമഗ്ര" യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഒരു സമൂഹം എത്രത്തോളം വികസിച്ചു എന്നതിന്റെ സുപ്രധാനമായ അളവുകോലാണ് ആ സമൂഹത്തിലെ സ്ത്രീ പദവിയുമായി ബന്ധപ്പെട്ട പുരോഗതി. സ്ത്രീ പുരോഗതിയുടെ മുന്നുപാധികളിൽ പ്രധാനമായതാണ് സ്ത്രീകളുടെ വരുമാനവും തൊഴിൽ പങ്കാളിത്തവും വർധിപ്പിക്കുക. എന്നത്..വരുമാനമുള്ള വനിത, വരുമാനമുള്ള കുടുംബം എന്ന ആശയം മുൻപോട്ട് വെച്ച് ''പെണ്മ" എന്ന പദ്ധതി നടപ്പാക്കും ജില്ലയിലെ 1000 വനിതകൾക്ക് തൊഴിൽ നൽകുന്ന സംരംഭകത്വ പദ്ധതി നടപ്പാക്കും അതിനായി ഒരു കോടി രൂപ വകയിരുത്തുന്നു. സ്ത്രീകളുടെ ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾക്ക് **2.5 കോടി** രൂപ വകയിരുത്തുന്നു.

ജില്ലയിൽ വർദ്ധിച്ചു വരുന്ന ബ്രസ്റ്റ് ക്യാൻസർ ആരംഭത്തിലേ കണ്ടെത്തുന്നതിനും നിവാരണത്തിനുമായി മാമോഗ്രം ക്യാമ്പുകൾ പദ്ധതിക്ക് 10 ലക്ഷം വകയിരുത്തുന്നു.

പഠനം മുടങ്ങിയ യുവതികൾക്ക് തുടർ പഠനവും സ്കിൽ പരിശീലനവും പദ്ധതിയ്ക്ക് **10 ലക്ഷം** രൂപ വകയിരുത്തുന്നു.

ജില്ലയിലെ നവജാത ശിശുക്കളും, ഭിന്നശേഷി വിഭാഗത്തിലും പെട്ട കുട്ടികൾക്കായുള്ള പദ്ധതി കനിവ് നടപ്പാക്കും. **50 ലക്ഷം** രൂപ വകയിരുത്തുന്നു.

കുട്ടികളുടെ വളർച്ചാ വൈകല്യ ചികിത്സാ പദ്ധതി "ആയുസ്പർശം" – **40 ലക്ഷം** വകയിരുത്തുന്നു.

സ്നേഹസ്പർശം – പട്ടികവർഗ്ഗ വനിതകളുടെ ഗർഭകാല ശുശ്രൂഷയും, പരിചരണവും പദ്ധതിക്ക് **30 ലക്ഷം** മാറ്റിവെക്കുന്നു.

ബേബി കെയർ – നവജാത ശിശുക്കളുടെ സിക്കിൾസെൽ അനീമിയ നിർണ്ണയവും ചികിത്സയും പദ്ധതിക്ക് **20 ലക്ഷം** വകയിരുത്തുന്നു.

നെൽവയൽ സരക്ഷണം മഹത്തായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനം കൂടിയാണ്. വയൽ സംരക്ഷണത്തിന് വേണ്ടി നെൽകർഷകരെ സഹായിക്കാനാവണം. ഇതിന് വേണ്ടി നടപ്പിലാക്കുന്ന "നെന്മണി" പദ്ധതിക്ക് **3.5 കോടി** രൂപ വകയിരുത്തുന്നു.

മില്ലറ്റ് വർഷാചരണത്തിന്റെ ഭാഗമായി മില്ലറ്റ് കൃഷി ചെയ്യുന്ന കർഷകർക്ക് ധനസഹായം നല്കുന്നതിനായി **10 ലക്ഷം** രൂപ വകയിരുത്തുന്നു.

ജില്ലയിലെ പ്രധാനപെട്ട വിഭാഗമായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ''ക്ഷീരസാഗരം" പദ്ധതിക്ക് **2.5 കോടി** രൂപ വകയിരുത്തുന്നു.

**''വായിച്ചാലും വളരും**
**വായിച്ചില്ലേലും വളരും**
**വായിച്ച് വളർന്നാൽ വിളയും**

**വായിക്കാതെ വളർന്നാൽ വളയും.''**

കുഞ്ഞുണ്ണി മാഷിന്റെ ഈ വരികളെ ഞങ്ങൾ ഏറ്റെടുക്കുന്നു.ഗ്രാമീണ വായനശാലകളെ നവീകരിച്ചും സ്കൂൾ ലൈബ്രറികളെ ശക്തിപെടുത്തിയും വായന പ്രോൽസാഹിപ്പിക്കുന്നതിന് ''അക്ഷര" എന്ന പദ്ധതി നടപ്പാക്കും. **1.5 കോടി** രൂപ വകയിരുത്തുന്നു.

ഭവനരഹിതരായ മുഴുവൻ പേർക്കും വീട് നൽകുന്ന സർക്കാർ പദ്ധതിയോട് ചേർന്ന് നിന്ന് ജില്ലയിൽ നടപ്പാക്കുന്ന ഭവന നിർമാണപദ്ധതിക്ക് **6.5 കോടി** രൂപ വകയിരുത്തുന്നു

ഇന്ത്യയിലാദ്യമായി ഒരു ജില്ലയുടെ മുഴുവൻ കാർബൺ എമിഷന്റെ അളവ് കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കിയത് വയനാട് ജില്ലാ പഞ്ചായത്താണ്. വയനാടിനെ ഇന്ത്യയിലെ ആദ്യ കാർബൺ ന്യൂട്രൽ ജില്ല ആക്കുന്നതിന്റെ ഭാഗമായി ഇന്റർ നാഷണൽ ക്ലൈമറ്റ് കോൺഫറൻസ്, കാർബൺ സ്റ്റഡി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തൽ എന്നിവയ്ക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഫണ്ട് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് **2.88 കോടി** യും, ജില്ലാ പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസിന് 2 കോടി രൂപയും വകയിരുത്തുന്നു.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഫണ്ട് വകയിരുത്തി ശുചിത്വം, മാലിന്യ സംസ്കരണത്തിന് **1.60 കോടി** രൂപ വകയിരുത്തുന്നു.

കുടുംബശ്രീയുമായ് ചേർന്ന് മാർക്കറ്റിംഗ് നെറ്റ് വർക്കിന് **20 ലക്ഷവും** സ്കൂളുകളിൽ ടീ സ്റ്റേഷനറി കിയോസ്കിന് **10 ലക്ഷവും** മാറ്റി വെക്കുന്നു.

ജില്ലയിലെ ട്രാൻസ്ജൻഡറുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ കൈത്താങ്ങ് – ട്രാൻസ്ജൻഡേഴ്സ് ഹോർമോൺ ട്രീറ്റ്മെന്റിന് 10 **ലക്ഷം** രൂപ വകയിരുത്തുന്നു.

ജില്ലയിലെ തിരഞ്ഞെടുക്കപ്പെടുന്ന 25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് NTTF മുഖേന പരിശീലനവും പ്ലെയ്സ് മെന്റും പദ്ധതിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു.

വിശദമായ കണക്കുകളും പദ്ധതി നിർദ്ദേശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്

വയനാട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി **66,88,22,524/-** രൂപ വരവും **66,53,14,800/-** രൂപ ചെലവും **35,07,724/-** രൂപ മിച്ചവുമുള്ള ഈ ബജറ്റ് വയനാടൻ ജനതക്കു മുമ്പാകെ സമർപ്പിക്കുന്നു.

**നന്ദി, നമസ്കാരം, ജയ്ഹിന്ദ്**